**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന നിധി ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങൾ എല്ലാ മാസവും പരിശോധന നടത്തി പ്രതിമാസ റിപ്പോർട്ട് ധനകാര്യ (നോഡൽ-ബി) വകുപ്പിൽ സമർപ്പിക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 04.08.2018 ലെ സ.ഉ(അച്ചടി) നം.119/2018/ധന എന്ന ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള പരിശോധനകൾ ജില്ലാ ധനകാര്യ പരിശോധന വിഭാഗങ്ങൾ നടത്തിവരുന്നു. പരിശോധനാ റിപ്പോർട്ടുകൾ അംഗീകരിക്കുന്ന മുറയ്ക്ക് ധനകാര്യ (നോഡൽ-ബി) വകുപ്പിന് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ധനകാര്യ (നോഡൽ-ബി) വകുപ്പിൽ നിന്നും പ്രസ്തുത റിപ്പോർട്ടുകൾ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങളോട് ആവശ്യപ്പെടാറുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ; | (ബി) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 04.08.2018 ലെ സ.ഉ(അച്ചടി) നം.119/2018/ധന എന്ന ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള പരിശോധനകൾ ജില്ലാ ധനകാര്യ പരിശോധന വിഭാഗങ്ങൾ നടത്തിവരുന്നു. പരിശോധനാ റിപ്പോർട്ടുകൾ അംഗീകരിക്കുന്ന മുറയ്ക്ക് ധനകാര്യ (നോഡൽ-ബി) വകുപ്പിന് ലഭ്യമാക്കുന്നുണ്ട്. |
| (സി) | ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സെക്ഷൻ ഓഫീസർക്ക് പകരം അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ജില്ലാ ധനകാര്യ പരിശോധനാ ഉദ്യോഗസ്ഥനായി നിയമിക്കുന്ന വിഷയം പരിഗണിക്കുമോ? | (സി) | 22.12.2017 തീയതിയിലെ സ.ഉ.(കൈ)നം. 563/2017/ധന നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലാ ധനകാര്യ പരിശോധനാ ഓഫീസർമാരായി നിയമിച്ച് വരുന്നത് ധനകാര്യ വകുപ്പിലെ സെക്ഷൻ ഓഫീസർമാരെയാണ്. അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യാഗസ്ഥനെ ജില്ലാ ധനകാര്യ പരിശോധന ഉദ്യോഗസ്ഥനായി നിയമിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ